(സി) എന്തെല്ലാം നടപടികൾ ഇതിനായി കൈക്കൊണ്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി ആന്റ് സി) പരിഗണനയിലാണ്.

തിരുനക്കര മൈതാനം മോടി പിടിപ്പിക്കുന്നതിന് നടപടി

111 [1797] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം തിരുനക്കര മൈതാനം മോടി പിടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം തിരുനക്കര മൈതാനം മോടി പിടിപ്പിക്കുന്നതിന് ആദ്യ ഘട്ടമായി 44.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ആയതുപ്രകാരം ടൂറിസം വകുപ്പ് വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് അന്തിമരൂപം നൽകിയതിനുശേഷം ടെണ്ടർ ചെയ്തു നടപ്പിലാക്കുന്നതാണ്.

കോവളം ലൈറ്റ് ഹൗസ് ബീച്ചിലെത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം

112 [1798] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം ലൈറ്റ് ഹൗസ് ബീച്ചിലെത്തുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഗ്രൗണ്ട് സൗകര്യം വിനോദസഞ്ചാര വകുപ്പ് ഇവിടെ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.ടി.ഡി.സി.-യുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും ലൈറ്റ് ഹൗസ് ബീച്ചിൽ എത്തുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നതുമായ സ്ഥലം ഇപ്പോൾ ആരുടെ കൈവശത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യക്തിയുടെ കൈവശത്തിലിരിക്കുന്ന പ്രസ്തുത സ്ഥലത്ത് ടൂറിസ്റ്റുകളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും വർദ്ധിച്ച പാർക്കിംഗ് ഫീസ് ഈടാക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്നും സർക്കാർ അനുമതിയോടുകൂടിയാണോ പാർക്കിംഗ് ഫീ ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇരുചക്രം, ലൈറ്റ് വെഹിക്കിൾ, ഹെവി വെഹിക്കിൾ എന്നീ ഇനങ്ങളിൽപ്പെട്ട ഓരോന്നിനും പാർക്ക് ചെയ്യുന്നതിന് എത്ര രൂപ വീതമാണ് സ്വകാര്യ വ്യക്തിയുടെ ജോലിക്കാർ ഈടാക്കിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പാർക്കിംഗ് ഫീസിന്റെ എത്ര ശതമാനമാണ് സർക്കാരിന് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യവ്യക്തി ടൂറിസ്റ്റ് വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം അനുവദിച്ച് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാർ നിയന്ത്രണം കൊണ്ടുവരുന്നതിനും വരുമാനത്തിന്റെ ഒരു നിശ്ചിത ഭാഗം സർക്കാർ ഈടാക്കി പ്രസ്തുത തുക കോവളം ബീച്ചിന്റെ വികസനത്തിന് ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ജി) കോവളം ബീച്ചിൽ ടൂറിസ്റ്റുകൾക്ക് വാഹനം പാർക്ക് ചെയ്യുന്നതിന് സ്ഥലം കണ്ടെത്തി അകമയർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ.ടി.ഡി.സി.-യുടെ ഉടമസ്ഥതയിലുണ്ടായിരുന്ന പ്രസ്തുത സ്ഥലം ഇപ്പോൾ 'കോവളം ഹോട്ടൽസി'ന്റെ കൈവശത്തിലാണ്.

(സി) ടി സ്ഥലത്ത് പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ അനുമതി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാർക്കിംഗ് ഫീസ് താഴെപ്പറയുന്ന നിരക്കിൽ ഈടാക്കുന്നതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

വാഹനം	ഹൗവ്വ ബീച്ച് (രൂപ)	ഗ്രോവ് (രൂപ)
കാർ	10	12
സ്കൂട്ടർ	5	3
ഓട്ടോറിക്ഷാ	5	5
സുമോ	25	20
ബസ്	60	60
വാൻ	40	30

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ഉണ്ട്. ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നാണ്.

(ജി) റവന്യൂ വകുപ്പിന്റെ കൈവശമുള്ള 1.6 ഏക്കർ ഭൂമി പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിലേക്കായി ടൂറിസം വകുപ്പിന് കൈമാറ്റുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ലഭിക്കുന്ന മുറയ്ക്ക് പാർക്കിംഗ് ഏരിയ വികസിപ്പിച്ചെടുക്കാവുന്നതാണ്.

ടൂറിസം ഡിപ്പാർട്ട്മെന്റിലെ താൽക്കാലിക നിയമനം

113 [1799] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം ഡിപ്പാർട്ടുമെന്റിൽ എത്ര പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും ആരെയെല്ലാമാണെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly